ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.07.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഘാന, ട്രിനിഡാഡ് & ടൊബാഗോ സന്ദർശനം വിജയകരമായി പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാവിലെ അർജന്റീന തലസ്ഥാനമായ ബ്യൂണസ് ഐറിസിൽ എത്തി.

   **After concluding his successful visit to Ghana and Trinidad & Tobago, Prime Minister Narendra Modi reached Argentina's capital Buenos Aires this morning on the third leg of his five-nation tour that aims to reinforce India's engagements with Global South.**

2. ബ്രസീലിലെ റിയോ ഡി ജെനെയ്റോയിൽ നാളെ ആരംഭിക്കുന്ന പതിനേഴാമത് ബ്രിക്സ് ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും.

   **The Prime Minister will attend the 17th BRICS Summit starting tomorrow in Rio de Janeiro, Brazil.**

3. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ കേരളത്തിൽ എത്തും. ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തും.

   **Vice President Jagdeep Dhankhar will arrive in Kerala tomorrow. He will visit the Guruvayur temple.**

4. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് സഹമന്ത്രി എൽ.മുരുകൻ തിരുവനന്തപുരത്ത്, ശ്രീ ഉത്രാടം തിരുനാൾ അക്കാദമി ഓഫ് മെഡിക്കൽ സയൻസസിൻറെ 14-ാമത് ബിരുദദാന ചടങ്ങിൽ പങ്കെടുക്കും.

   **Union Minister of State for Information and Broadcasting L. Murugan will participate in the 14th convocation ceremony of the Sri Uthradam Thirunal Academy of Medical Sciences in Thiruvananthapuram today.**

5. കേരളത്തിൽ വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യത. ഇന്ന് എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രത.

**Heavy rains are likely in the northern districts of Kerala. Yellow alert in eight districts today.**

6. വനിതാ ടി20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയ്ക്ക് തോൽവി; ഗ്രാൻഡ് ചെസ് ടൂർണമെൻറിൽ റാപ്പിഡ് ചെസ്സ് കിരീടം സ്വന്തമാക്കി ഇന്ത്യയുടെ ഡി ഗുകേഷ്.

**India loses to England in third match of women's T20 cricket series; India's D Gukesh wins rapid chess title in 2025 Grand Chess Tour at Zagreb in Croatia.**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## PM-ARGENTINA VISIT

ഘാന, ട്രിനിഡാഡ് & ടൊബാഗോ എന്നിവിടങ്ങളിലെ വിജയകരമായ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാവിലെ അർജന്റീനയുടെ തലസ്ഥാനമായ ബ്യൂണസ് ഐറിസിൽ എത്തി. 57 വർഷത്തിനിടെ ഇന്ത്യൻ പ്രധാനമന്ത്രിയുടെ അർജൻറീനയിലേക്കുള്ള ആദ്യ ഉഭയകക്ഷി സന്ദർശനമാണിത്. അർജന്റീന ദേശീയ നായകൻ ജനറൽ ജോസ് ഡി സാൻ മാർട്ടിന്റെ പ്രതിമയിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടാണ് പ്രധാനമന്ത്രി മോദി സന്ദർശന പരിപാടിക്ക് തുടക്കം കുറിക്കുന്നത്. തുടർന്ന്, പ്രധാനമന്ത്രിക്ക് ആചാരപരമായ സ്വീകരണം നൽകും. പ്രധാനമന്ത്രി പ്രതിനിധിതല ചർച്ചകളിലും പങ്കെടുക്കും. നഗരത്തിലെ വിഖ്യാതഫുട്ബോൾ ക്ലബ്ബായ ബോക്ക ജൂനിയേഴ്‌സിന്റെ ഫുട്ബോൾ സ്റ്റേഡിയം പ്രധാനമന്ത്രി സന്ദർശിക്കും.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## PM BRICS SUMMIT

നാളെ ബ്രസീലിലെ റിയോ ഡി ജെനീറോയിൽ ആരംഭിക്കുന്ന പതിനേഴാമത് ബ്രിക്സ് ഉച്ചകോടിയിൽ പ്രധാനമന്ത്രി

നരേന്ദ്രമോദി പങ്കെടുക്കും. ഉച്ചകോടിക്ക് ശേഷം പ്രധാനമന്ത്രി ബ്രസീലിയൻ തലസ്ഥാനമായ ബ്രസീലിയ സന്ദർശിക്കും. ആറ് ദശകത്തിനിടെ ഇതാദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ബ്രസിലിയ സന്ദർശിക്കുന്നത്. ബ്രസീലിയൻ പ്രസിഡന്റ് ലുലാ ഡാ സിൽവയും മറ്റു ആഗോള നേതാക്കളുമായും കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&

## OVERALL PM-TRINIDAD AND TOBAGO (INTRO)

പ്രധാനമന്ത്രിയുടെ ബഹുരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി ട്രിനിഡാഡ് ആൻഡ് ടൊബാഗോയുടെ സംയുക്ത പാർലമെൻററി സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്തു. പാർലമെന്റിന്റെ ചരിത്രപ്രധാനമായ റെഡ് ഹൗസിലാണ് അദ്ദേഹം പ്രസംഗം നടത്തിയത്. ജനാധിപത്യത്തെ ഇരു രാജ്യത്തിൻറെയും പൊതുമൂല്യമായി വിശേഷിപ്പിച്ച പ്രധാനമന്ത്രി, ബ്രിട്ടീഷ് അധിനിവേശത്തിന് ശേഷമുള്ള യാത്രയിലും ജനാധിപത്യ ആദർശങ്ങളോടുള്ള പ്രതിബദ്ധതയിലും രണ്ടു രാജ്യവും ഐക്യത്തോടെ മുന്നേറിയെന്നും ചൂണ്ടിക്കാട്ടി.

(വോയിസ്)

ഭീകരതയ്ക്കെതിരായ പോരാട്ടം ശക്തിപ്പെടുത്താൻ അദ്ദേഹം ആഗോള സമൂഹത്തോട് ആഹ്വാനം ചെയ്തു. പരമോന്നത സിവിലിയൻ ബഹുമതി നൽകി ട്രിനിഡാഡ് ആൻഡ് ടൊബാഗോ പ്രധാനമന്ത്രി നരേന്ദ്രമോദിയെ ആദരിച്ചു.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## VP - KERALA

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ കേരളത്തിൽ എത്തും. തിങ്കളാഴ്ച അദ്ദേഹം ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തും. ഇതിനോട് അനുബന്ധിച്ച് തിങ്കളാഴ്ച രാവിലെ എട്ടുമുതൽ പത്തുവരെ ക്ഷേത്രത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. കൊച്ചിയിലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ്

അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിലെ വിദ്യാർത്ഥികളുമായും അധ്യാപകരുമായി ഉപരാഷ്ട്രപതി സംവദിക്കും.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## L MURUGAN

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് സഹമന്ത്രി എൽ.മുരുകൻ ഇന്നലെ തിരുവനന്തപുരത്തെത്തി. ഇന്ന് രാവിലെ കഴക്കൂട്ടം അൽ-സാജ് കൺവെൻഷൻ സെൻററിൽ നടക്കുന്ന ശ്രീ ഉത്രാടം തിരുന്നാൾ അക്കാദമി ഓഫ് മെഡിക്കൽ സയൻസസിൻറെ 14-ാമത് ബിരുദദാന ചടങ്ങിൽ അദ്ദേഹം മുഖ്യാതിഥിയാകും. നാളെ കേന്ദ്രസഹമന്ത്രി ചെന്നൈയിലേയ്ക്ക് മടങ്ങും.

&&&&&&&&&&&&&&&&&&

## VEENA GEORGE - NIPAH

കേരളത്തിൽ വീണ്ടും നിപ സ്ഥിരീകരിച്ചു. പാലക്കാട് സ്വദേശിയായ യുവതിക്കാണ് രോഗം സ്ഥിരീകരിച്ചത്. കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ ജാഗ്രതാ നിർദേശം നൽകിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു. നിപ സമ്പർക്കപ്പട്ടികയിൽ ആകെ 345 പേരാണ് ഉള്ളത്. മലപ്പുറത്ത് 211 പേരും പാലക്കാട് 91 പേരും കോഴിക്കോട് 43 പേരുമാണ് സമ്പർക്കപ്പട്ടികയിലുള്ളത്. കോഴിക്കോട് സമ്പർക്കപ്പട്ടികയിൽ ഉള്ളവർ ആരോഗ്യ പ്രവർത്തകരാണ്. സംസ്ഥാന, ജില്ലാതല കൺട്രോൾ റൂമുകൾ തുറന്നു. ആശുപത്രികളിൽ പ്രത്യേക സജീകരണങ്ങൾ ഒരുക്കി.

&&&&&&&&&&&&&&&&&&

## GOYAL-TOY EXPORT

ഇന്ത്യ 153 രാജ്യങ്ങളിലേക്ക് കളിപ്പാട്ടങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ടെന്ന് കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ പറഞ്ഞു. ന്യൂഡൽഹിയിൽ 16-ാമത് ടോയ് ബിസ് ഇൻ്റർനാഷണൽ ബി2ബി എക്സ്പോയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## IMD FORECAST (INTRO)

അടുത്ത മൂന്ന് ദിവസത്തേക്ക് പഞ്ചാബ്, ഹരിയാന, ഉത്തരാഖണ്ഡ്, പടിഞ്ഞാറൻ ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ അതിശക്തമായ ആയ മഴ ലഭിക്കുമെന്ന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ്. പടിഞ്ഞാറൻ ഹിമാലയൻ മേഖല, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ ഇന്നുമുതൽ മൺസൂൺ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിലെ പ്രമുഖ കാലാവസ്ഥാ വിദ്ഗ്ദ്ധൻ രാജേന്ദ്ര കുമാർ ജനമണി അറിയിച്ചു.

(വോയ്സ്)

&&&&&&&&&&&&&&&&&&

## AMIT SHAH TODAY SPOKE WITH THE CHIEF MINISTERS

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ ഗുജറാത്ത്, ഹിമാചൽ പ്രദേശ്, രാജസ്ഥാൻ, ഉത്തരാഖണ്ഡ്, ഛത്തീസ്ഗഡ് മുഖ്യമന്ത്രിമാരുമായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ആശയവിനിമയം നടത്തി. ഈ സംസ്ഥാനങ്ങളിൽ ആവശ്യത്തിന് എൻഡിആർഎഫ് ടീമുകളെ വിന്യസിച്ചിട്ടുണ്ടെന്നും ആവശ്യമെങ്കിൽ കൂടുതൽ ക്രമീകരണം ഏർപ്പെടുത്തുമെന്നും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## RAIN – KERALA

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് വയനാട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ മഞ്ഞ ജാഗ്രതാ മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

## CM – AMERICA

തുടർ ചികിത്സാ-പരിശോധനകൾക്കായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് അമേരിക്കയിലേയ്ക്ക് തിരിക്കും. ചികിത്സയുടെ ഭാഗമായി അദ്ദേഹം പത്ത് ദിവസം അമേരിക്കയിൽ തങ്ങും.

&&&&&&&&&&&&&&&&&&

## HEAD LINE – 6

## CHESS-D GUKESH

ക്രൊയേഷ്യയിലെ സാഗ്രെബിൽ നടക്കുന്ന 2025 ഗ്രാൻഡ് ചെസ് ടൂറിന്റെ ഭാഗമായ റാപ്പിഡ് ആൻഡ് ബ്ലിറ്റ്സ് ടൂർണമെന്റിൽ നിലവിലെ ലോക ചാമ്പ്യനായ ഗുകേഷ് റാപ്പിഡ് കിരീടം നേടി. പോളണ്ടിന്റെ ജാൻ-ക്രിസ്റ്റ്റോഫ് ഡുഡ രണ്ടാം സ്ഥാനത്ത് എത്തി. മുൻ ലോക ചാമ്പ്യൻ നോർവേയുടെ മാഗ്നസ് കാൾസൻ മൂന്നാം സ്ഥാനത്ത്. ഇന്ത്യയുടെ പ്രഗ്നാനന്ദ നാലാം സ്ഥാനത്ത് എത്തി.

&&&&&&&&&&&&&&&&&&

## NT CRICKET-IND-ENG

ബാർമിംഗ്ഹാമിൽ നടക്കുന്ന രണ്ടാം ടെസ്റ്റ് ക്രിക്കറ്റിന്റെ മൂന്നാം ദിനത്തിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയ്ക്ക്, 180 റൺസിന്റെ ഒന്നാം ഇന്നിംഗ്സ് ലീഡ്. ഇംഗ്ലണ്ടിന്റെ ആദ്യ ഇന്നിങ്സ് 407 റൺസിന് അവസാനിച്ചു. നാലാം ദിനമായ ഇന്ന് രണ്ടാം ഇന്നിംഗ്സിൽ ഇന്ത്യ ഒരു വിക്കറ്റിന് 64 റൺസ് എന്ന നിലയിൽ കളി പുനരാരംഭിക്കും. മത്സരം ഉച്ചകഴിഞ്ഞ് 3:30 ന് ആരംഭിക്കും.

&&&&&&&&&&&&&&&&&&

## HEAD LINE – 6

## WOMEN T20 CRICKET

ലണ്ടനിലെ ഓവലിൽ നടന്ന വനിതാ ടി20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യയെ 5 റണ്ണിന് ഇംഗ്ലണ്ട് പരാജയപ്പെടുത്തി. അഞ്ച് മത്സര പരമ്പരയിൽ രണ്ടു ജയത്തോടെ ഇന്ത്യയാണ് മുന്നിൽ .

&&&&&&&&&&&&&&&&&&

## KCL

കേരള ക്രിക്കറ്റ് ലീഗ് രണ്ടാം പതിപ്പിൻറെ താരലേലം ഇന്ന്. സഞ്ജു സാംസൺ ഉൾപ്പെടെ 155 താരങ്ങൾ ലേല പട്ടികയിലുണ്ട്. 6 ടീമുകളാണു താരങ്ങളെ സ്വന്തമാക്കാൻ രംഗത്തുള്ളത്.

&&&&&&&&&&&&&&&&&&

## ASIAN CUP FOOTBALL

വനിതാ ഏഷ്യൻ കപ്പ് ഫുട്ബോൾ യോഗ്യത ലക്ഷ്യമിട്ട് ഇന്ത്യ ഇന്ന് തായ് ലാൻഡിനെ നേരിടും.തായ് ലാൻഡിലെ ചിയാങ് മായ് സ്റ്റേഡിയത്തിൽ വൈകിട്ട് ആറിനാണ് മത്സരം.

&&&&&&&&&&&&&&&&&&

## DURANT CUP

ഏഷ്യയിലെ ഏറ്റവും പഴക്കമേറിയ ഫുട്ബോൾ ടൂർണമെന്റായ ഡ്യൂറണ്ട് കപ്പിന്റെ 2025 ലെ മത്സരങ്ങൾ ഈ മാസം 23 മുതൽ ഓഗസ്റ്റ് 23 വരെ നടക്കും. പശ്ചിമ ബംഗാൾ, അസം, മണിപ്പൂർ, മേഘാലയ, ഝാർഖണ്ഡ് എന്നീ ആറ് സംസ്ഥാനങ്ങളിലായാണ് മത്സരങ്ങൾ നടക്കുന്നത്. നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ് സിയാണ് നിലവിലെ ചാമ്പ്യൻമാർ.

&&&&&&&&&&&&&&&&&&

## GOVERNOR – KANNUR

കണ്ണൂർ തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിൽ നിർമ്മിച്ച പൂർണകായ ശിവ-ശില്പം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഇന്ന് അനാവരണം ചെയ്യും.

&&&&&&&&&&&&&&&&&&

## NATIONAL PENSION SYSTEM

നാഷണൽ പെൻഷൻ സിസ്റ്റത്തിലെ എല്ലാ ആദായനികുതി ആനുകൂല്യങ്ങളും കേന്ദ്ര ജീവനക്കാർക്കുള്ള യൂണിഫൈഡ് പെൻഷൻ സ്കീമിനും ബാധകമാക്കി. ആദായനികുതി വകുപ്പിലെ സെക്ഷൻ 80 സി അനുസരിച്ച് 1.5 ലക്ഷം രൂപ വരെയുള്ള എൻപിഎസ് വിഹിതത്തിനു നികുതിയൊഴിവുണ്ട്.

&&&&&&&&&&&&&&&&&&

## NCH HELPLINE

കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ ദേശീയ ഉപഭോക്തൃ ഹെൽപ്പ് ലൈൻ ഉപഭോക്താക്കൾക്ക് ഏഴ് കോടിയിലധികം രൂപയുടെ

റീഫണ്ട് വിജയകരമായി സാധ്യമാക്കി. പതിനയ്യായിരത്തിലധികം ഉപഭോക്തൃ പരാതികൾ ഫലപ്രദമായി പരിഹരിക്കാനായി. ഇ-കൊമേഴ്സ് മേഖലയിലാണ് ഏറ്റവും കൂടുതൽ പരാതികൾ ലഭിച്ചത്.

&&&&&&&&&&&&&&&&&&

**BAHUDA YATRA-PURI**

ഒഡീഷയിലെ പുരിയിൽ ഇന്ന് നടക്കുന്ന ബഹുദ യാത്രയ്ക്കുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ശ്രീ ജഗന്നാഥ ക്ഷേത്രത്തിലേക്കുള്ള മടക്കയാത്രയ്ക്കായി ജഗന്നാഥ ഭഗവാൻ, മൂത്ത സഹോദരൻ ബലഭദ്രൻ, സഹോദരി ദേവി സുഭദ്ര എന്നിവരുടെ മൂന്ന് വലിയ രഥങ്ങൾ ഒരുങ്ങി.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&